## പതിമൂന്നാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2411** — **18.07.2011 ൽ മറുപടിയ്ക്ക്**

### ചട്ടങ്ങൾ ലംഘിക്കുന്ന ബാങ്ക് ഭരണസമിതിക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. സണ്ണി ജോസഫ്<br>ശ്രീ. വർക്കല കഹാർ<br>ശ്രീ. പി. എ. മാധവൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) മുൻ സർക്കാരിന്റെ ഭരണകാലയളവിൽ സംസ്ഥാന സഹകരണ ബാങ്കിൽ നിയമനങ്ങളും ചട്ടങ്ങളും ലംഘിച്ചുകൊണ്ട് ബാങ്ക് ഭരണ സമിതി നേരിട്ട് നിയമനം നടത്തിയവരെ പിരിച്ചുവിടണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഹൈക്കോടതി ഉത്തരവും സർക്കാർ ഉത്തരവും ഉണ്ടായിട്ടും ബാങ്ക് ഭരണ സമിതി അത് എന്തുകൊണ്ട് നടപ്പിലാക്കിയിട്ടില്ലെന്ന് വ്യക്തമാക്കാമോ; | (എ) സർക്കാരിന്റെ ഉത്തരവിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി മുമ്പാകെ 12395/11 നമ്പർ ആയി റിട്ട്പെറ്റീഷൻ ഫയൽ ചെയ്യുകയും സർക്കാർ ഉത്തരവ് നടപ്പിലാക്കുന്നത് തടഞ്ഞുകൊണ്ട് ഇടക്കാല ഉത്തരവ് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ആയതിനാലാണ് കേരള സംസ്ഥാന സഹകരണ ബാങ്ക് ഭരണ സമിതിയ്ക്ക് ഇക്കാര്യത്തിൽ തീരുമാനം കൈകൊള്ളുവാൻ കഴിയാത്തത്. |
| (ബി) പ്രസ്തുത ഉത്തരവുകൾ നടപ്പിലാക്കാത്ത ബാങ്ക് ഭരണസമിതി പിരിച്ചുവിടാനും ഭരണ സമിതിക്കെതിരെ സർചാർജ് ചുമത്താനും അടിയന്തിര നടപടി സ്വീകരിക്കുമോ? | (ബി) ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവ് നിലവിലുള്ളതിനാലും ടി വിഷയവും ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ പരിഗണനയിലുള്ളതിനാലും ഇക്കാര്യത്തിൽ കേരള സംസ്ഥാന സഹകരണ ബാങ്കിന്റെ ഭരണസമിതിക്കെതിരെ നടപടി സ്വീകരിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ